29/03/2025

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/03/2025

1. കേരളസർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്പ് ജില്ലയിൽ പുതിയതായി ആരംഭിക്കുന്ന 10 ഹോർട്ടികോർപ്പ് ഗ്രാമശ്രീ ഹോർട്ടിസ്റ്റോറുകൾ ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർക്ക് ഏപ്രിൽ 4 വരെ അപേക്ഷ നൽകാം. വിശദ വിവരത്തിന് ഫോൺ: 9495137584, 7510895014, 9895371970.

2. തൃശ്ശൂർ പൂരം 2025 എക്സിബിഷനോടനുബന്ധിച്ച് ജില്ലാ പഞ്ചായത്ത് പവലിയനിൽ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ജില്ലയിലെ കുടുംബശ്രീ, ചെറുകിട വ്യവസായ, പരമ്പരാഗത, കരകൗശല, പട്ടികജാതി, പട്ടിക വർഗ്ഗ സംരംഭകർ മാർച്ച് 29 വൈകീട്ട് അഞ്ചിന് മുൻപായി അപേക്ഷ, രജിസ്ട്രേഷൻ, തിരിച്ചറിയൽ രേഖ എന്നിവ സഹിതം മാനേജർ (ജില്ലാ പഞ്ചായത്ത്), ജില്ലാ വ്യവസായ കേന്ദ്രം, അയ്യന്തോൾ, തൃശ്ശൂർ 680003 എന്ന വിലാസത്തിൽ സമർപ്പിക്കണം. ഐസ്ക്രീം, ജ്യൂസ്, ചായ, കാപ്പി, പാനീയങ്ങൾ, ലഘുഭക്ഷണ ഇനങ്ങൾ എന്നിവയുടെ വിൽപനക്ക് സ്റ്റാൾ അനുവദിക്കുന്നതല്ല. ഫോൺ: 9188127008.

3. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ നടത്തിവരുന്ന ചിക്ക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് 2025 ലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി അഞ്ചുമാസം ഫീസ് 500 രൂപ. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് ഫീസ് നൽകേണ്ടതില്ല. പ്രായപരിധി 01.01 2025 ന് 25 വയസ്സ് കവിയരുത്. അപേക്ഷകർ 18 വയസ്സ് പൂർത്തിയായിരിക്കണം. എസ്എസ്എൽസി/ തത്തുല്യ കോഴ്സ് പാസ്സായിരിക്കണം. VHSC പൗൾട്രി ഹസ്ബൻന്ററി പാസായവർക്ക് മുൻഗണന. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15.04.2025

സമഗ്ര പച്ചക്കറി... (watermark)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വൈകിട്ട് 5 മണി. അപേക്ഷ അയക്കുന്ന കവറിനു മുകളിൽ ചിക്ക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് 2025 എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. അപേക്ഷ അയക്കേണ്ട മേൽവിലാസം പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന്, പി ഒ.,തിരുവനന്തപുരം 695043. Email - ptotvm.ahd@kerala.gov.in

4. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കോഴിക്കുഞ്ഞുങ്ങളുടെ (ബിവി 380 165 രൂപ) വിൽപ്പനയ്ക്കുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

5. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന് കീഴിൽ പത്തനംതിട്ട ജില്ലയിലെ ചേത്തയ്ക്കലിലുള്ള സെൻട്രൽ എക്സ്പെരിമെന്റ് സ്റ്റേഷനിൽ ഫീൽഡ് സൂപ്പർവിഷൻ ജോലിക്കായി താൽകാലിക അടിസ്ഥാനത്തിൽ ഫീൽഡ് മാനേജർമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ബോട്ടണി/സുവോളജി/ലൈഫ് സയൻസസ് വിഷയങ്ങളിലേതിലെങ്കിലും ബിരുദമോ തത്തുല്യ യോഗ്യതയോ ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 മാർച്ച് 31 -ന് മുപ്പത് വയസ്സ് കവിയാൻ പാടില്ല. എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലായിരിക്കും നിയമനം. താൽപര്യമുള്ളവർ യോഗ്യതകളും പ്രവൃത്തിപരിചയവും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷകൾ 2025 ഏപ്രിൽ 04 ന് മുൻപ് ലഭിക്കത്തക്കവണ്ണം ces@rubberboard.org.in എന്ന ഇമെയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിലാസത്തിലേക്ക് അയക്കേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in വെബ്സൈറ്റ് സന്ദർശിക്കുക.

6. **കാർഷിക നിർദേശം** വഴുതനയിലെ തൈ ചീയൽ രോഗം ലക്ഷണങ്ങൾ : തവാരണകളിൽ ബാധിക്കുന്ന ഗുരുതരമായ ഒരു രോഗമാണ് തൈ ചീയൽ രണ്ടു തരത്തിലുള്ള ലക്ഷണങ്ങളാണ് സാധാരണ കണ്ടു വരുന്നത്. മുളക്കുന്നതോടൊപ്പം ഉള്ള വാട്ടമാണ് ഒന്നാമത്തേത്. മുളച്ചതിന് ശേഷം ഉള്ള തൈ വാട്ടമാണ് രണ്ടാമത്തേത്.ഇതിൻറെ പ്രധാനമായ ലക്ഷണം,തീരെ ചെറിയ തൈകളുടെ മണ്ണിനോട് ചേർന്നുള്ള ഭാഗം നശിച്ചു പോകുന്നതാണ്. മൃദുവായി വെള്ളത്തിൽ കുതിർന്നതുപോലെ കാണപ്പെടുന്ന ഈ ഭാഗം പിന്നീട് ചീഞ്ഞു ചെടി കുഴഞ്ഞു വീണ് നശിച്ചു പോകുന്നു.

നിയന്ത്രണ മാർഗങ്ങൾ :സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ മണ്ണിൽ ഒഴിക്കുകയും ചെടിയിൽ തളിക്കുകയും ചെയ്യുക. രോഗം രൂക്ഷമായ സന്ദർഭങ്ങളിൽ മാങ്കോസെബ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായിനിയാക്കി തളിക്കുകയും മണ്ണിൽ ഒഴിക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം